# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 26.07.2025 മുതൽ 30.07.2025 വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.കെ.ഡി. - 59/2025 | തീയ്യതി: 25/07/2025 |
|---|---|

### എ.പിന്നിട്ട ആറ് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 80.1 | 27.0 – 30.2 | 23.2 – 24.1 | 81 – 98 | 00 – 00 |


### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 26-07-2025 | 27-07-2025 | 28-07-2025 | 29-07-2025 | 30-07-2025 |
|---|---|---|---|---|---|
| മഴ, മി.മീ | 35 | 30 | 35 | 15 | 5 |
| കൂടിയതാപനില, °C | 30 | 30 | 30 | 30 | 30 |
| കുറഞ്ഞതാപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയആപേക്ഷികആർദ്രത, % | 95 | 95 | 95 | 95 | 95 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 320 | 340 | 340 | 340 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 7 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തമായ മഴ**** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>ജൂലായ് 26 മുതൽ 28 വരെ ഒറ്റപ്പെട്ട ശക്തമായ മഴ.<br>ജൂലായ് 29ന് ശക്തികുറഞ്ഞ മഴ. | | |
| അപായ സൂചന | ജൂലായ് 25 ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. | | |

| | | | |
|---|---|---|---|
| | വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br>വൃക്ഷ വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.<br>അവശ്യ ഘട്ടങ്ങളിൽ മഴയില്ലാത്ത ഇടവേളകൾ ലഭിക്കുമ്പോൾ മാത്രം പശ ചേർത്തു കീടനാശിനി തളിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | കരിച്ചൽ/ചീച്ചൽ രോഗം | മുൻകരുതലായി ബ്ലീച്ചിങ് പൗഡർ (ഏക്കറിന് 2 കിലോ) സുഷിരങ്ങളുള്ള കിഴികളിലാക്കി വെള്ളം കണ്ടത്തിലേക്ക് പ്രവേശിക്കുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക |
| തെങ്ങ്/ | തൈകൾ | വെള്ളം കെട്ടികിടക്കുന്ന അവസ്ഥ/കൂമ്പു ചീയൽ | തൈക്കുഴികളിൽ വെള്ളംകെട്ടികിടക്കാൻ അനുവദിക്കരുത്. കുഴികളിലേക്കു വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴിക്ക് ചുറ്റും വരമ്പ് നിർമിക്കുക.<br>മഴയുടെ ഇടവേളയിൽ 1 % ബോർഡോക്സ് മിശ്രിതം ഇലകളിലും കൂമ്പിലും പശ ചേർത്ത് തളിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| മഞ്ഞൾ | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | ഫ്ലൂബെൻഡയാമൈഡ് (ഫെയിം) 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം<br> | രോഗം ബാധിച്ച ഇലകൾ മുറിച്ചു മാറ്റി തോട്ടത്തിനു വെളിയിൽ കൊണ്ടുവന്ന് കത്തിച്ചു കളയണം. മുറിച്ചു മാറ്റിയ ഇലകൾ യാതൊരു കാരണവശാലും തോട്ടത്തിൽ ഇടരുത്. വാഴയിൽ കോൺടാഫ് അല്ലെങ്കിൽ ടിൽറ്റ് ഇവയിൽ ഏതെങ്കിലും (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ) തളിക്കുക.<br>20% പൊട്ടാഷ് വളം അധികമായി നൽകുക. |
| പശു/ആട് | വിവിധ ഘട്ടം | കുളമ്പിൽ പഴുപ്പ് | തൊഴുത്തിലും പുറത്തും വെള്ളം കെട്ടിനിൽകാതെ സൂക്ഷിക്കുക. അതോടൊപ്പം മൃഗങ്ങൾക്കു പൂർണ ശുചിത്വം ഉറപ്പുവരുത്തുക. 0.2 % പൊട്ടാസിയം പെർമാംഗനേറ്റ് (2 ഗ്രാം പൊട്ടാസിയം പെർമാംഗനേറ്റ് 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച) ലായനി ഉപയോഗിച്ച് കുളമ്പുകൾ വൃത്തിയായി കഴുകി കോട്ടൺ തുണി ഉപയോഗിച്ച് തുടക്കുക. |

| | | | |
|---|---|---|---|
| കോഴി/താറാവ് | പ്രായമായവ | പാദരോഗം<br> | സാധാരണഈരോഗംകണ്ടുവരുന്നത്കോഴികളിലും, താറാവിലുമാണ്.പരിസരവുംകൂടുംവൃത്തിയില്ലാത്ത താണ്ഈരോഗത്തിൻറെപ്രധാനകാരണം.<br>പദങ്ങളുടെഅടിയിൽചുവന്നതുംകറുത്തതുമായതടിപ്പാണ്ഈരോഗത്തിന്റെപ്രധാനലക്ഷണങ്ങൾ.<br>**പ്രതിരോധം:-**കൂടിന്റെയുംപരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക,നടക്കുന്നതിനായിമൃദുവായപ്രതലംഒരുക്കുക.ഇന്തുപ്പ്അല്ലെങ്കിൽനിയോസ്പോറിൻ പൊടിഉപയോഗിച്ച്കാൽപാദംമുറുക്കെകെട്ടിവെക്കുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസര്
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി